**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊടുങ്ങല്ലൂർ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - ജീവനക്കാർക്കെതിരായ അച്ചടക്കനടപടി- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1465/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 12.07.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 18.09.2015 തീയതിയിലെ ഇ 8(എസ്.സി 17/2015/റ്റിഎസ്ആർ) 11466/2016 നം. കത്ത്

2. സർക്കാരിന്റെ 28.02.2018 തീയതിയിലെ ഇയു2/386/2017/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യഡയറക്ടറുടെ 07.06.2019 തീയതിയിലെ വി3-5949/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊടുങ്ങല്ലൂർ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടി നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർമാരായ ശ്രീ.രാജീവ് ബി, ശ്രീ.ആർ ഗോപാലകൃഷ്ണൻ, സൂപ്രണ്ടായ ശ്രീ. എ പി ജോർജ്ജ് എന്നിവർക്കെതിരെ പരാമർശം 2 പ്രകാരം കഠിനശിക്ഷയുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. ആയതിന് ടിയാളുകൾ പ്രതിവാദപത്രിക സമർപ്പിച്ചിട്ടുണ്ട്.

2. കുറ്റാരോപണ മെമ്മോയ്ക്ക് മേൽ ജീവനക്കാർ സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിച്ചു. ടിയാളുകൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC& A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ കൊടുങ്ങല്ലൂർ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർമാരായിരുന്ന ശ്രീ.രാജീവ് ബി, ശ്രീ.ആർ ഗോപാലകൃഷ്ണൻ, സൂപ്രണ്ടായ ശ്രീ. എ.പി. ജോർജ്ജ് എന്നിവർക്കെതിരെ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മധ്യമേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യു**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

മധ്യമേഖലാ ജോയിന്റ് ഡയറക്ടർ, മേഖല ഓഫീസ്,കൊച്ചി(നഗരകാര്യഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ